LIBRARY ARCHIVES Kerala Legislative Assembly

വടകര പുതുപ്പണത്തെ പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണം

143 [306] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര പുതുപ്പണത്ത് പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലിനു സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) അവിടെ താമസിച്ചു പഠിക്കുന്ന കുട്ടികൾക്ക് വളരെ ചെറിയ മുറികളെ ലഭിക്കുന്നുള്ളു എന്നും അവയുടെ സൗകര്യങ്ങൾ വളരെ കുറവാണ് എന്നും മനസ്സിലാക്കി പുതിയ ഹോസ്റ്റൽ നിർമ്മിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ വടകര പുതുപ്പണത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു പ്രീമെട്രിക് ഹോസ്റ്റൽ ഇറിഗേഷൻ വകുപ്പിന്റെ 2 സ്റ്റാഫ് ക്വാർട്ടേഴ്സുകളിലായി പ്രവർത്തിക്കുന്നുണ്ട്. വകുപ്പിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനു നടപടി സ്വീകരിച്ചുവരുന്നു.

(ബി) ടി ഹോസ്റ്റലിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് കുറ്റിയാടി ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി വിട്ടുകിട്ടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പട്ടാമ്പി പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനം ഊർജ്ജിതമാക്കാൻ നടപടി

144 [307] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് വേണ്ടി സ്ഥാപിച്ച പട്ടാമ്പി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പട്ടികജാതിക്കാരായ പാവപ്പെട്ടവരും വിദൂരസ്ഥലങ്ങളിൽ വീടുള്ളവരുമായ വിദ്യാർത്ഥികളുടെ പഠനം ഇതുമൂലം നിലയ്ക്കുമെന്ന വിവരം സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) അഡ്മിഷൻ നിർത്തിയതുകൊണ്ടും ഹോസ്റ്റലിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതുകൊണ്ടുമാണ് ഹോസ്റ്റലിൽ കുട്ടികൾ കുറയുന്നത് എന്നതിനാൽ ഇതു പരിഹരിക്കാൻ അഡ്മിഷൻ പുനരാരംഭിക്കുന്നതിനും, ഹോസ്റ്റലിലെ പോരായ്മകൾ പരിഹരിക്കാനുമുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ഒന്നിച്ച് നടത്തിക്കൊണ്ടു പോകാനുള്ള സർക്കാർ നീക്കം വേണ്ടത്ര ഗുണകരമാണോയെന്ന് പരിശോധന നടത്തിയിട്ടുണ്ടോ;

(ഇ) ഹോസ്റ്റൽ അടച്ചുപൂട്ടുന്നതിനെതിരെ ജനകീയ പ്രക്ഷോഭങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?